"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/198/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/10/2021

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ധനസഹായം - പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ നിന്നു രേഖ ഹാജരാക്കുന്നതിൽ ഇളവ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ 3.16, 4.75 നമ്പർ തീരുമാനങ്ങൾ

***********************

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് സ്കോളർഷിപ്പും ബത്തയും മറ്റും മാർഗ്ഗരേഖ പ്രകാരം നൽകി വരുന്നുണ്ട്. ഇതിനായി അപേക്ഷ നൽകാൻ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം കൂടി ഹാജരാക്കണമെന്ന് വ്യവസ്ഥയുണ്ട്. 2021-22 ൽ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ പൂർത്തിയായി വരുന്നതേയുള്ളൂ. ഇതുപോലെ മറ്റ് അഡ്മിഷനുകളും നടന്ന് വരുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ നിന്ന് രേഖ ഹാജരാക്കാൻ കഴിയുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആനുകൂല്യങ്ങൾ നൽകാനായി അപേക്ഷ വാങ്ങുന്ന സമയമായിട്ടും മേൽ കാരണത്താൽ ഈ വിദ്യാർത്ഥികൾക്ക് അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ട്.

ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ അപേക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിലെ സർട്ടിഫിക്കറ്റ് കൂടാതെ തന്നെ സ്വീകരിക്കുവാനും ആനുകൂല്യ വിതരണം (പ്രധാനമായും സ്കോളർഷിപ്പും ബത്തയും) ആരംഭിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ സാക്ഷ്യപത്രം ഹാജരാക്കിയാൽ മതിയെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 20-10-2021 16:34:51
Reason: Approved

സെക്ഷൻ ഓഫീസർ.